ഉത്തരം

(എ&ബി) ഇൻകെൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ചാരിറ്റബിൾ സൊസൈറ്റിയായി മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിച്ചു. ബഹു. മുഖ്യമന്ത്രി ചെയർമാനായും ബഹു. വ്യവസായ വകുപ്പുമന്ത്രിയും ബഹു. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രിയും വൈസ് ചെയർമാന്മാരായും ഗവേണിംഗ് ബോഡി രൂപീകരിക്കുകയും ടി ഗവേണിംഗ് ബോഡിയുടെ ഒരു യോഗം 30-7-2014-ന് ചേരുകയും ടി സൊസൈറ്റിയുടെ ഭാവി പരിപാടികൾ തീരുമാനിക്കുകയും ചെയ്തു.

സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ

42 (4325) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011- ലെ ജി.ഒ.(പി.) 302/2011 പ്രകാരമുള്ള സ്പെഷ്യൽ റൂളിൽ ഇളവ് അനുവദിച്ച് മെഡിക്കൾ കോളേജുകളിൽ സ്റ്റാഫ് നഴ്സ് നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) അപ്ഗ്രേഡ് ചെയ്ത ആശുപത്രികളിൽ സ്റ്റാഫ് നഴ്സ് തസ്തിക അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്റ്റാഫ് നഴ്സുമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) തസ്തിക അനുവദിച്ചിട്ടുണ്ട്.

(സി) സ്റ്റാഫ് നഴ്സുമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് പ്രസ്തുത ഒഴിവുകളുടെ വിവരം പി.എസ്.സി. യെ അറിയിച്ചുകഴിഞ്ഞു. ആരോഗ്യ വകുപ്പിലെ നിയമനത്തിനായി ജില്ലകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. അതിൽനിന്നും നിയമനം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly